# ക്രിസ്തു, ശരീരം, അവയവങ്ങൾ

**റോമർ 12:4–5**

**"ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു."**

ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ട് എന്നാൽ എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ല. ഉദാഹരണത്തിനു നമ്മുടെ കൈ ചെയ്യുന്നതല്ല കാലുകൾ ചെയ്യുന്നത് അതുപോലെ കണ്ണിന്റെ പ്രവൃത്തിയല്ല കാതുകൾക്കുള്ളത്. ഓരോ അവയവങ്ങളും അതീവ പ്രാധാന്യം അർഹിക്കുന്നവ തന്നെയാണ്. ഒന്നിനെയും നമുക്ക് വില കുറച്ചു കാണുവാൻ കഴിയുകയില്ല. കാരണം രണ്ട് കൈയ്യുള്ള ഒരുവന് ഒരു കൈ നഷ്ടപ്പെടുമ്പോൾ അതിന്റെ വില മനസ്സിലാവും, അതുപോലെ തന്നെയാണ് ഓരോ അവയവവും.

അതുപോലെ വിശ്വാസികളായ നാം ഓരോരുത്തരും, തലയാകുന്ന ക്രിസ്തുവിൽ ഏക ശരീരമായി വിളിക്കപ്പെട്ടിരിക്കുന്ന ഓരോരോ അവയവങ്ങളാണ്. നമുക്കോരോരുത്തർക്കും ദൈവം അവനവന്റേതായ ഓരോരോ ഉത്തരവാദിത്തങ്ങൾ തന്നിട്ടുണ്ട്. അത് എനിക്കു ചെറുതും മറ്റവനു വലുതും അല്ലെങ്കിൽ എന്നെ കുറച്ചു കാണിക്കുന്ന തരത്തിലുള്ള ഉത്തരവാദിത്തമാണിത് എന്നൊന്നും കരുതേണ്ട ആവശ്യമില്ല. നമ്മെ ഏൽപ്പിച്ചിരിക്കുന്നത് അവനു നമ്മിൽ വിശ്വാസം ഉള്ളതുകൊണ്ടാണ്. അതു ദൈവമഹത്വത്തിനു വേണ്ടി നാം അതിന്റെ പൂർണ്ണതയിൽ പ്രവൃത്തിക്കുകയേ വേണ്ടു. അതിൽ നാം പേരെടുക്കുന്നതിനോ, മഹിമപ്പെടുന്നതിനോ ഒന്നും ശ്രമിക്കാതെ, പൂർണ്ണമായ ഉത്തരവാദിത്തത്തോടു കൂടി ചെയ്യുകയത്രേ വേണ്ടത്.

നമ്മുടെ ശരീരത്തിൽ ഒരുപക്ഷെ നമ്മുടെ ഇടതു കാലിനു ഒരുവേദന വന്നാൽ നാം അതിനു അൽപം ബലം കുറച്ചു കൊടുത്തുകൊണ്ട് നടക്കാൻ ശ്രമിക്കും. ആയതിൻ ഫലമായി നമ്മുടെ വലത്തെ കാലും, മറ്റു ശരീരഭാഗങ്ങളും അതിന്റെ അൽപമായ ബുദ്ധിമുട്ട് സഹിക്കുന്നു. അതിനെ ഒരു ബുദ്ധിമുട്ട് എന്നു പറയാൻ കഴിയില്ല, കാലിന്റെ വേദന മാറാൻ വേണ്ടി മറ്റു ശരീരഭാഗങ്ങൾ തങ്ങളുടേതായ ഉത്തരവാദിത്തം ചെയ്യുന്നു എന്നുള്ളതേയുള്ള. എന്നാൽ കാലുവേദന പെട്ടെന്നു മാറാനും നമ്മുടെ ശരീരം പൂർണ്ണമായി പ്രാവൃത്തികമാകാനും അതു സഹായിക്കുന്നു. അതു പോലെ തന്നെയാണ് വിശ്വാസികളും. കർത്താവിൽ ഒരു ശരീരമാകുന്ന നമ്മിൽ ഒരുവന്നു ഒരു കുറവുണ്ടായാൽ

അതിനെ അവഗണിച്ചു കളയാതെ ആ വ്യക്തിക്കു താങ്ങും തണലുമായി നിൽക്കാനുള്ള ഒരു മനസ്സ് നമുക്കുണ്ടായിരിക്കണം. അതു ആ വ്യക്തിയെ ശക്തിപ്പെടുത്താനും ദൈവത്തിൽ കൂടുതൽ വളരുവാനും അതിൻഫലമായി സഭയാകുന്ന ശരീരം പൂർണ്ണപ്രവൃത്തിയിലേക്ക് കടന്നു വരുവാനും സഹായിക്കുന്നു.

അതു തന്നെയാണ് യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുന്നത് “നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർസിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും.” (യാക്കോബ് 1:5)

എല്ലാവർക്കും ദൈവം പല കൃപാവരങ്ങളാണ് നൽകിയിട്ടുള്ളതെങ്കിലും അതിന്റെയെല്ലാം ഉദ്ദേശ്യവും ലക്ഷ്യവും ഒന്നു മാത്രമേ ഉള്ളൂ; അവന്റെ രാജ്യവ്യാപ്തി. അതിൽ ഒരുവന്നു അൽപം കൂടുതലും മറ്റെവന്നു അൽപം കുറവും എന്നൊന്നും ഇല്ല. ഏവനും ഒരേപോലെ ഔദാര്യമായിട്ടാണ് ദൈവം കൊടുത്തിരിക്കുന്നത്. അത് ഇന്ന് നാം ഉപയോഗിക്കേണ്ട രീതിയിൽ അതിന്റെ പൂർണ്ണതയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് ശോധന ചെയ്തു നോക്കുക. കാരണം ഒരാളുടെ അലസത ആ സഭയെ ആകമാനം തളർത്തിക്കളയാൻ സാദ്ധ്യതയുണ്ട്.

അതുകൊണ്ട് ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന കൃപാവരത്തെ നമുക്ക് തിരിച്ചറിയാൻ ശ്രമിക്കാം, അതിന്നൊത്തവണ്ണം അതിന്റെ പൂർണ്ണതയിൽ അതു പ്രാവൃത്തികമാക്കുന്നവരായി മാറാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
1 കൊരിന്ത്യർ 10:17
അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ.

ബ്രദർ ബിനു ബേബി ആലപ്പുഴ 061